# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 50/2020 (വെള്ളിയാഴ്ച)** **തീയ്യതി:04.09.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 05.09.2020 | 06.09.2020 | 07.09.2020 | 08.09.2020 | 09.09.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 5 | 15 | 0 | 8 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 83 | 83 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 4 | 6 | 4 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 320 | 320 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 8 | 4 | 8 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 32 °C വരെ എത്താൻ സാധ്യതയുണ്ട്. ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെ പ്രവചനമനുസരിച്ചു അടുത്തയാഴ്ച ($9^{th}$ to $15^{th}$ സെപ്റ്റംബർ) കേരളത്തിൽ മഴയുടെ അളവ് സാധാരണയെക്കാൾ 64.9% കൂടാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: ഉയർന്ന താപനിലയിലെ വർധനവ് തുടരുന്നതിനാൽ വിളകളിൽ പുതയിടൽ നടത്തി മണ്ണിലെ ജലസംരക്ഷണം ഉറപ്പു വരുത്തുക. വിളകൾക്ക് ആവശ്യാനുസരണം ജലസേചനം നടത്തുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. |
| നെല്ല് | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ക്ക് ശേഷം സ്ഥാപിക്കുക. ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| തെങ്ങ് | ചെന്നീരൊലിപ്പ് | തെങ്ങുകളിൽ ഉണ്ടാകാൻ സാധ്യതയുള്ള ചെന്നീരൊലിപ്പ് തടയുന്നതിന്റെ മുൻകരുതലായി തെങ്ങൊന്നിന് 50 ഗ്രാം ട്രൈക്കോഡെർമ ജൈവവളത്തോടൊപ്പം ചേർത്ത് തെങ്ങിൻചുവട്ടിൽ ഇട്ടുകൊടുക്കുക. ഒപ്പം 5 കിലോ വേപ്പിൻപിണ്ണാക്കും ചേർത്തുകൊടുക്കുക. രോഗം വന്നു കഴിഞ്ഞാൽ ചെന്നീരൊലിക്കുന്ന ഭാഗം ചെത്തിമാറ്റി ട്രൈക്കോഡെർമ കുഴമ്പു അല്ലെങ്കിൽ 5% ഹെക്സാകൊണസോൾ പുരട്ടിക്കൊടുക്കുക. |
| തെങ്ങ് | ദ്രുതവാട്ടം | തെങ്ങിൽ ഓലചീയൽ രോഗം വരാൻ സാധ്യതയുണ്ട്. കൂമ്പിലകളുടെ അഗ്രഭാഗങ്ങളിൽ നിന്ന് കറുത്ത നിറം വ്യാപിച്ചു ഉണങ്ങിപ്പോകുന്നതാണ് ഇതിന്റെ ലക്ഷണം. രോഗം ശ്രദ്ധയിൽപ്പെട്ടാൽ രോഗബാധയേറ്റ ഭാഗങ്ങൾ വൃത്തിയാക്കി 2 ml ഹെക്സകോണാസോൾ 300 ml വെള്ളത്തിൽ കലക്കി തെങ്ങിന്റെ മണ്ടയിൽ ഒഴിച്ചുകൊടുക്കുക. |